# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2662 09/05/2017-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് വായ്പ അനുവദിച്ച് വീട് പൂർത്തീകരിക്കുന്നതിന് കഴിയാതെ ഭവനരഹിതരായി തുടരുന്നവർക്ക് വീട് വയ്ക്കുന്നതിനായി നിലവിലുള്ള മറ്റേതെങ്കിലും ഭവന നിർമ്മാണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നും ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പുതിയ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ; | (എ) | വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ പൊതു നിബന്ധനകൾ പ്രകാരം ഒരിനത്തിന് സർക്കാർ സഹായം ലഭിക്കുന്ന വ്യക്തിക്ക് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഒരിക്കൽ ഭവന നിർമ്മാണത്തിന് സർക്കാർ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് അതേ ഇനത്തിൽ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് തടസമുണ്ട്. എന്നാൽ സർക്കാർ പുതുതായി രൂപം നൽകിയിട്ടുള്ള സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കളായി ഇത്തരത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വ്യക്തികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. 5/4/2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രാദേശികമായി വിഭവ സമാഹരണം നടത്തി സംഭാവനകൾ സ്വീകരിച്ച് നിർമ്മാണം പൂർത്തിയാക്കാനും കഴിയുന്ന പക്ഷം ഒരു കൂട്ടം ഭവനങ്ങളുടെ പൂർത്തീകരണം താല്പര്യമുള്ള ഏജൻസികളുടെ സഹകരണത്തോടെ സൗജന്യമായി പൂർത്തീകരിക്കുവാനും തീരുമാനിച്ചു ഭവന നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്ത |

| | | | |
|---|---|---|---|
| | | | ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വിശദ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും അതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു. |
| (ബി) | ലൈഫ് മിഷനിൽ ഗുണഭോക്താവാകുന്നതിന് അപേക്ഷ സമർപ്പിക്കുന്നതെവിടെയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ? | (ബി) | പദ്ധതിയുടെ ആദ്യ ഘട്ടമായി പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടന സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചിട്ടുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയാകുന്നതോടുകൂടി ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. അർഹരായ ഏതെങ്കിലും ഗുണഭോക്താവ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**